## തിരുവനന്തപുരം സിറ്റി പോലീസ്

### പത്രക്കുറിപ്പ്

# ബൈക്ക് ഇടിപ്പിച്ച് കുട്ടിയെ അപായപ്പെടുത്തിയ ആൾ പിടിയിൽ

### കോവിഡ്-19

## വിലക്ക് ലംഘനം: 35 പേർക്കെതിരെ നിയമനടപടി 11,000/- രൂപ പിഴ ഈടാക്കി

തിരുവനന്തപുരം :- മുൻവിരോധത്താൽ ബൈക്ക് ഇടിപ്പിച്ച് കുട്ടിയെ അപായപ്പെടുത്തിയ ആൾ പിടിയിലായതായി ഐ.ജി.പി-യും തിരുവനന്തപുരം സിറ്റി പോലീസ് കമ്മീഷണറുമായ ബൽറാംകുമാർ ഉപാദ്ധ്യായ അറിയിച്ചു. വട്ടിയൂർക്കാവ്, കൊടുങ്ങാനൂർ, പന്തുകളം പനയറവിളാകം പാറയിൽ വീട്ടിൽ അജി (42)-നെയാണ് വട്ടിയൂർക്കാവ് പോലീസ് അറസ്റ്റ് ചെയ്തത്. കഴിഞ്ഞ 22-ന് വീടിന് സമീപം സൈക്കിൾ ഓടിച്ചു വന്ന പതിനൊന്ന് വയസ്സുകാരനെ പ്രതി പുറകിൽ നിന്നും ബൈക്ക് കൊണ്ട് ഇടിച്ച് തെറിപ്പിക്കുകയായിരുന്നു. പ്രതി അജിയ്ക്ക് വട്ടിയൂർക്കാവ് കൊടുങ്ങാനൂർ പന്തുകളം സാഫല്യം പാറയിൽ വീട്ടിൽ രതീഷ് കുമാറിനോടുള്ള മുൻ വിരോധത്താലാണ് അയാളുടെ മകനെ ബൈക്ക് ഇടിപ്പിച്ച് ഇത്തരത്തിൽ അപായപ്പെടുത്തിയത്. നട്ടെല്ലിന് സാരമായി പരിക്കേറ്റ കുട്ടി ചികിത്സയിലാണ്. കുട്ടിയുടെ രക്ഷിതാവ് വട്ടിയൂർക്കാവ് പോലീസിന് നൽകിയ പരാതിയുടെ അടിസ്ഥാനത്തിൽ കേസ്സ് രജിസ്റ്റർ ചെയ്ത് നടത്തിയ അന്വേഷണത്തിലാണ് സംഭവത്തിന് ശേഷം ഒളിവിൽ പോയ പ്രതി



വട്ടിയൂർക്കാവ് പോലീസ് അറസ്റ്റ് ചെയ്ത അജി (42)

പിടിയിലായത്. ഐ പി സി 308, 324, 337 വകുപ്പുകൾ ചുമത്തിയ പ്രതിയെ കോടതിയിൽ ഹാജരാക്കി റിമാൻഡ് ചെയ്തു. വട്ടിയൂർക്കാവ് എസ്.എച്ച്.ഒ ശാന്തകുമാർ, എസ്.ഐ-മാരായ ജയപ്രകാശ്, വിജയൻ, എ.എസ്.ഐ വേണുഗോപാൽ, എസ്.സി.പി.ഒ അനൂപ് എന്നിവരാണ് അന്വേഷണത്തിനും അറസ്റ്റിനും നേതൃത്വം നൽകിയത്.

## കോവിഡ് സുരക്ഷാ കേസ് വിവരം

തിരുവനന്തപുരം നഗരത്തിൽ പോലീസ് ഇന്നലെ (27.11.2020) നടത്തിയ പരിശോധനയിൽ കോവിഡ് സുരക്ഷാ വിലക്ക് ലംഘനം നടത്തിയ 35 പേർക്കെതിരെ നിയമനടപടി സ്വീകരിച്ചു. രോഗവ്യാപനം ഉണ്ടാക്കുന്ന തരത്തിൽ വിലക്ക് ലംഘനം നടത്തിയ 9 പേർക്കെതിരെ എപ്പിഡെമിക് ഡിസീസസ് ഓർഡിനൻസ്-2020 പ്രകാരമാണ് കേസെടുത്തത്. മാസ്ക് ധരിക്കാത്തതിന് 18 പേരിൽ നിന്നും സാമൂഹിക അകലം പാലിക്കാത്ത 4 പേരിൽ നിന്നുമായി 11,000/- രൂപ പിഴ ഈടാക്കി. കൂടാതെ മാർഗ്ഗ നിർദ്ദേശങ്ങൾ പാലിക്കാതെ സർവ്വീസ് നടത്തിയ 4 വാഹനങ്ങൾക്കെതിരെയും ഇന്നലെ നിയമനടപടി സ്വീകരിച്ചു.

തിരുവനന്തപുരം സിറ്റി
27-11-2020

ഐ ജി പി & കമ്മീഷണർക്ക് വേണ്ടി

പബ്ലിക് റിലേഷൻസ് ഓഫീസർ
തിരുവനന്തപുരം സിറ്റി